# DIET MALAPPURAM &VIJAYABHERI MALAPPURAM
## SSLC MODEL EXAMINATION , MARCH 2022
## MALAYALAM
FIRST LANGUAGE PAPER II SET 2

Time: 1.5 Hrs. Total Score: 40

================================================================

**നിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്.ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

================================================================

**I പാർട്ട് എ**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക 1 സ്കോർ വീതം**

1.കന്നിനെല്ല് വിഗ്രഹിച്ചാൽ. 1

a. കന്നിയുടെ നെല്ല്
b. കന്നികൊണ്ടുള്ള നെല്ല്
c. കന്നിയാലുള്ള നെല്ല്
d. കന്നിയിലെ നെല്ല്

2."ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു. (ഓരോ വിളിയും കാത്ത്)
ഈ വാക്യം നൽകുന്ന സൂചനയെന്ത്...? 1

a. അച്ഛൻെറ വരവ്
b. കാറ്റുവീശുന്നത്
c. അച്ഛൻെറ മരണം
d. കരിയിലയുടെ ശബ്ദം

3.പൊൽക്കിഴിയെറിയും വെള്ളിത്താലമെടുത്ത് നിരന്നുലസിക്കുന്നത്...(ഓണമുറ്റത്ത്) 1

a. തുമ്പ
b. മുക്കുറ്റി
c. നെയ്യാമ്പൽ
d. സൂര്യൻ

4."ഈ പറമ്പിലിനി വല്ലതുമൊണ്ടോ ബാക്കി ?എന്തു നട്ടാലും നശിപ്പിക്കുന്ന ഒരു കോഴി" (കോഴിയും കിഴവിയും) വരികളിൽ തെളിയുന്ന മനോഭാവം 1

a. അസൂയ
b. അമർഷം
c. സന്തോഷം
d. പരിഹാസം

5.അല്ലായ്കിലുണ്ടോ തേനൂറുന്ന കവിതകൾ രചിക്കാൻ അവർക്കു കഴിയുന്നു. കവിതയിലെ മാധുര്യത്തിന് കാരണമായി ലേഖകൻ പറയുന്നത്... 1

a. കവികളായതുകൊണ്ട്
b. കുട്ടിക്കാലത്ത് കൊതിയസമാജത്തിൽ അംഗങ്ങളായതിനാൽ
c. അപരിഷ്കൃതമട്ടുകൾ അറിയാത്തതിനാൽ
d. മാമ്പൂവ് ഒടിച്ച് കാമൻെറ കൈയ്യിൽ കൊടുത്തതിനാൽ

6. ചിരുത കൃതകൃത്യയായി. എന്ത്കൊണ്ട്.? 1

a. കഞ്ഞി കുടിച്ചതിനാൽ
b. കോരന് കഞ്ഞി ബാക്കി വെച്ചതിനാൽ
c. അച്ഛന് വയറുനിറച്ച് ഭക്ഷണം കൊടുക്കാൻ കഴിഞ്ഞതിനാൽ
d. കഞ്ഞി വെച്ചതിനാൽ

**പാർട്ട് ബി**

**7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.1 സ്കോർ വീതം**

7. പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചതു കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്. പ്രസ്താവന സൂചിപ്പിക്കുന്നത് 1

a. പത്രങ്ങളെ വിശ്വസിക്കണം
b. പത്രങ്ങൾ പഠിപ്പിക്കുന്നു
c പത്രങ്ങൾ സേവനങ്ങൾ ചെയ്യുന്നു
d. പത്രങ്ങളെ വിശ്വസിക്കാൻ കഴിയില്ല

8."അങ്ങന്യല്ലാ മത്തായി മൂപ്പരെ ,ഒരു നോട്ടം വേണംന്നേ ഞാൻ പറഞ്ഞുള്ളൂ."(പണയം) അടിവരയിട്ട പദം സൂചിപ്പിക്കുന്നത്. 1

a. കാഴ്ച
b. ശ്രദ്ധ
c. നോക്കുക
d. കാണുക

9.'ആരുവായിക്കുമീ 1
മായുമെഴുത്തുകൾ" (അമ്മയുടെ എഴുത്തുകൾ)ഈ വരികൾ നൽകുന്ന അർത്ഥമെന്ത് 1

a. അക്ഷരങ്ങൾ തെളിയുന്നില്ല
b. വായിക്കാൻ പ്രയാസമാണ്
c. ആരും എഴുത്തുകൾ വായിക്കുന്നില്ല
d. ഭാഷ ഇല്ലാതാവുന്നു.

**II പാർട്ട് എ**

**(ചോദ്യത്തിന് ഉത്തരം എഴുതുക 2 സ്കോർ)**

10."മനസ്സിൻെറ ക്ളാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു (ഓരോ വിളിയും കാത്ത്) അടിവരയിട്ട പദം നൽകുന്ന രണ്ട് സൂചനകൾ എഴുതുക 2

**പാർട്ട് ബി**

**(11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 2 സ്കോർ വീതം)**

11."ഈ റേഡിയോം പാട്ട്വൊക്കെ ഇനിക്കത്ര പിട്ത്തല്ല്യ.മന്ഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്.!ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം " (പണയം)
സന്ദർഭം പരിശോധിച്ച് ചെമ്പുമത്തായിയുടെ രണ്ട് സ്വഭാവ സവിശേഷതകൾ എഴുതുക 2

12."നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ 2
ബിംബമീയാതിഥ്യശാലയിൽ ശോഭനം' (അമ്മയുടെ എഴുത്തുകൾ)
വിദേശത്തു നിർമ്മിച്ച അമ്മയുടെ ബിംബം എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്തിനെയെല്ലാമാണ്.? 2

**III പാർട്ട് എ**

**(13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക .3 സ്കോർ വീതം)**

13."അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി. കപ്പതന്നെ കപ്പ.അതാ ഈ വെളർച്ച.അവടെങ്ങും നെല്ല് കണികാണാനില്ല. ഒള്ളോൻ വെളി കാണിക്കത്തില്ല.രാത്രീല് ഏഴുരൂപയാവെല" (രണ്ടിടങ്ങഴി)

അക്കാലത്തെ തൊഴിലാളികളുടെ ജീവിതാവസ്ഥയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് സന്ദർഭത്തിൽ നിന്ന് വ്യക്തമാവുന്നത് ? ലഘുകുറിപ്പ് തയ്യാറാക്കുക. 2

14. നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളുതുടുത്തും,തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ

വരികളിലെ കാവ്യഭംഗി വിശദമാക്കുക 2

15.വല്ല്യമ്മ മാർക്കോസിനെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തിട്ടു പറഞ്ഞു.എൻെറ മകനേ ,ഈ നന്ദികെട്ടവരുടെ ഇടയീന്ന് കർത്താവെന്നെയങ്ങ് വിളിച്ചിരുന്നെങ്കിൽ ."

മത്തായിയുടെ അമ്മയുടെ എന്തെല്ലാം സ്വഭാവ സവിശേഷതകളാണ് സംഭാഷണത്തിൽ തെളിയുന്നത്.?ലഘുകുറിപ്പ് തയ്യാറാക്കുക 2

16."ഇല്ലച്ഛമ്മേ ഒന്നും കേൾക്കില്ല.ടീവീൻെറ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ.
നല്ല വെള്ളോല്ല.നിലാവൂല്ല, കൂമൻെറ ഒച്ചേം ഇല്ല പിന്നെ എന്താ ആടെ ഉള്ളത്.!"അമ്മ തമാശയോടെ ചോദിച്ചു. (ഓരോ വിളിയും കാത്ത്)

സംഭാഷണത്തിൽ നഗരത്തിൻെറയും ഗ്രാമത്തിൻെറയും എന്തെല്ലാം സവിശേഷതകളാണ് കണ്ടെത്താൻ കഴിയുന്നത്.പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക 2

**പാർട്ട് ബി**

**(ചോദ്യത്തിന് ഉത്തരമെഴുതുക 3 സ്കോർ)**

17."മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻ ഭാഷ താൻ (ധാത്രി -പോറ്റമ്മ) (വള്ളത്തോൾ)

അമ്മയുടെതാമെഴുത്തുകളൊക്കെയും
അമ്മയായ് ത്തന്നെയിരിക്കട്ടെയെപ്പോഴും.
(അമ്മയുടെ എഴുത്തുകൾ)

കവിതാ ഭാഗങ്ങൾ താരമമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 3

18."പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതു വേഗമയയ്ക്കാൻ നോക്കാം" (ഓണമുറ്റത്ത്)

വരികളിലൂടെ വൈലോപ്പിള്ളി ഉന്നയിക്കുന്ന സാമൂഹിക വിമർശനം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക 3

കവിതാഭാഗങ്ങൾ താരമമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

19. അമ്മത്തൊട്ടിൽ എന്ന കവിത ഒരു യാത്ര മാത്രമല്ല അമ്മയുമായി ബന്ധപ്പെട്ട ഓർമ്മകളിലൂടടെയുള്ള മകൻെറ സഞ്ചാരം കൂടിയാണ് .പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക 3

20."ഇപ്പോൾ ഇതൊരു വീടല്ല നീണ്ട വരാന്തകളും വെൺമയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല. " (ഓരോ വിളിയും കാത്ത്)

കഥ വിശകലനം ചെയ്ത് വീടിനെക്കുറിച്ചുള്ള കഥാകൃത്തിൻെറ സങ്കലപ്പത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക 3

**പാർട്ട് ബി**

**(21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 4 സ്കോർ )**

21."അമ്മയുടെ എഴുത്തുകൾ എന്ന കവിത ഒരേ സമയം അമ്മ മകനയയ്ക്കുന്ന കത്തുകളെക്കുറിച്ചും ,നമ്മുടെ മാതൃഭാഷയെക്കുറിച്ചും ഉള്ളതാണ്'.ഈ പ്രസ്താവന ശരിയാണോ?വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക 4

22."ശ്രീനാരായണഗുരു സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു.”

"ഒരു ജാതി ഒരുമതം ഒരു ദൈവം മനുഷ്യന്"

"മതമേതായാലും മനുഷ്യൻ നന്നായാൽ മതി "

എന്നീ സന്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മുകളിൽ കൊടുത്ത പ്രസ്താവനയുടെ പ്രാധാന്യത്തെകുറിച്ച് കുറിപ്പ് തയ്യാറാക്കുക. 4

**V പാർട്ട് എ**

**( 23-24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.5 സ്കോർ )**

23."അടുത്ത പ്രഭാതത്തിൽ അയൽ വീടുകളിൽ കോഴി കൂകിയപ്പോൾ ചത്ത കോഴി,ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി,മത്തായി മാർഗേണ കൂകി നോക്കിക്കോ..”.

"അങ്ങനെ മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്ന് മേലോട്ട് വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.” (കോഴിയും കിഴവിയും)

മുകളിൽ കൊടുത്ത സൂചനകളും കഥയിലെ മറ്റ് സന്ദർഭങ്ങളും പരിഗണിച്ച് കോഴിയും കിഴവിയും എന്ന കഥയുടെ നിരൂപണം തയ്യാറാക്കുക 5

24.ജീവിതം പടർത്തുന്ന വേരുകൾ എന്ന യൂണിറ്റിൽ സ്നേഹബന്ധങ്ങളുടെ ഇഴയടുപ്പം വ്യക്തമാക്കുന്ന രചനകളാണ് ഉള്ളത്.പാഠഭാഗങ്ങളുടെ ഉള്ളടക്കങ്ങൾ കൂടി പരിഗണിച്ച് സ്നേഹബന്ധങ്ങളുടെ ആവിഷ്ക്കാരം മലയാള കൃതികളിൽ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക 5

************************